## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3840 24.06.2014 ലെ മറുപടിയ്ക്ക്

### കാരുണ്യ ബെനവലന്റ് ഫണ്ടിലേക്കുള്ള തുക സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിലേക്കുള്ള തുക സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;<br><br>(ബി) ഏതെല്ലാം ഭാഗ്യക്കുറികളാണ് ഇതിനുവേണ്ടി നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (എ) & (ബി) ശനിയാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ, വ്യാഴാഴ്ചകളിൽ നറുക്കെടുക്കുന്ന കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളാണ് കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് തുക സമാഹരിക്കുന്നതിനായി നടത്തുന്നത്. പ്രസ്തുത ഭാഗ്യക്കുറികളുടെ മുഖവില 50/- രൂപയും ഒന്നാം സമ്മാനത്തുക ഒരുകോടി രൂപയുമാണ്. ഇവയുടെ ഓരോ നറുക്കെടുപ്പിലും 25 ലക്ഷം ടിക്കറ്റുകൾ വീതമാണ് അച്ചടിച്ച് വിപണനം ചെയ്യുന്നത്. പ്രസ്തുത ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭത്തുക കാരുണ്യ ബനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ പേരിലുള്ള Special TSB അക്കൗണ്ടിലേക്ക് , സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ Transfer Credit ചെയ്യുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.